(5) ബോർഡ് രൂപീകരിച്ചിരിക്കുന്നത് ബാങ്കിതരധനകാര്യ സ്ഥാപനത്തിന്റെ രൂപത്തിലായതിനാൽ റിസർവ് ബാങ്കിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്.

(സി) ഉണ്ട്. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സംയുക്ത മേഖലാ സ്ഥാപനങ്ങൾ മുതാലയവയ്ക്ക് പണം കടമായി നൽകുന്നത് 'ഇപ്ലിമെന്റേഷൻ ആന്റ് പെർഫോർമൻസ് കോൺട്രാക്ട്' (ഐ. പി. സി.) എന്ന ഒരു ഉടമ്പടി അനുസരിച്ചാണ്. ഈ ഉടമ്പടി പ്രകാരം വീഴ്ചവരുത്തുന്നവർക്കെതിരെ നടപടിയെടുക്കുവാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കും.

(ഡി) സ്വീകാര്യമായ പ്രോജ്ക്ടുകൾ ഹാജരാക്കുന്ന സ്ഥാപനങ്ങൾക്ക് കടം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ നൽകുന്നതിന് ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് പോലുള്ള സ്ഥാപനങ്ങൾക്ക് റിസർവ് ബാങ്കിന്റെ അനുമതി തേടേണ്ട ആവശ്യമില്ല.

(ഇ) ഇത് പ്രൈവറ്റ് പ്ലെയിസ്മെൻറ് ബോണ്ട് ആയതിനാൽ ലിസ്റ്റ് ചെയ്യേണ്ട ആവശ്യം ഇല്ല.

സർക്കാർ നൽകിയിട്ടുള്ള ഗ്യാരന്റി

49 (1104) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999 നവംബർ 30 വരെ എത്ര കോടി രൂപയുടെ ഗ്യാരന്റി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ലഭ്യമായ കണക്കുപ്രകാരം 6050.94 കോടി രൂപയ്ക്ക് ഗ്യാരന്റി നൽകിയിട്ടുണ്ട്.

വാർഷിക പദ്ധതിയിൽ മൂലധനത്തിന് നീക്കിവച്ച തുക

50 (1105) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1997-98, 1998-99 വർഷങ്ങളിൽ പ്ലാനിംഗ് കമ്മീഷൻ അനുവദിച്ച വാർഷിക പദ്ധതിയിൽ എന്ത് തുക വീതം മൂലധന ചെലവിലേയ്ക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്ലാനിംഗ് കമ്മീഷൻ വാർഷിക പദ്ധതിക്ക് തുക അനുവദിക്കുമ്പോൾ മൂലധന ചെലവിലേയ്ക്കായി പ്രത്യേകം അനുവദിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly